# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1367 13/07/2016 ൽ മറുപടി നൽകേണ്ടിയിരുന്നത്

## വിജിലൻസ് കേസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ മുല്ലക്കര രത്നാകരൻ** | | **ശ്രീ പിണറായി വിജയൻ<br>മുഖ്യമന്ത്രി** | |
| (എ) | 2011 ജൂൺ മുതൽ അധികാരത്തിൽ ഉണ്ടായിരുന്ന സർക്കാരിലെ മുഖ്യമന്ത്രിയടക്കമുള്ള മന്ത്രിമാർക്കെതിരെ ആകെ എത്ര വിജിലൻസ് പരാതികൾ നിലവിലുണ്ടെന്നു വ്യക്തമാക്കാമോ; കഴിഞ്ഞ സർക്കാരിലെ മുഖ്യമന്ത്രിയടക്കമുള്ള മന്ത്രിമാർക്കെതിരെയുള്ള പരാതികളുടെ വിശദാംശം വെളിപ്പെടുത്താമോ ? | (എ) | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ഇരുപത്തി ആറ് പരാതികൾ ലഭിച്ചു. ആയവ പരിശോധിച്ച് മിന്നൽ പരിശോധന, സത്വരാന്വേഷണം തുടങ്ങി ഉചിതമായ അന്വേഷണങ്ങൾ നടത്തിവരുന്നു. പ്രാഥമിക അന്വേഷണത്തിൽ ഗൗരവമേറിയ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസുകളും രജിസ്റ്റർ ചെയ്ത് അന്വേഷണങ്ങൾ നടത്തി വരുന്നുണ്ട്. സർക്കാരിൽ ലഭിച്ച പരാതികളും പരിശോധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേനെ വിവിധ തരത്തിലുള്ള അന്വേഷണങ്ങൾക്കായി നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ശ്രീ.കെ.എം.മാണി, മുൻ ധനകാര്യ വകുപ്പ് മന്ത്രി, ചങ്ങനാശേരിയിലെ റെഡ് ഓക്സൈഡ് വ്യാപാരിയോട് പക്ഷപാതം കാണിച്ച് നികുതി ഇളവ് നൽകിയത് സംബന്ധിച്ച് വി.സി.04/16/കോട്ടയം നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ടിയാനെതിരായ ബാർ കോഴ കേസ് കൂടാതെ ക്വാറി ക്രെഷർ, മൈദാ മാവ്, ബിൻസേർസ് ജ്വല്ലറി, ബേക്കറി, റവന്യൂ റിക്കവറി സ്റ്റേ, പെട്രോൾ പമ്പ് എന്നിവരിൽ നിന്നെല്ലാം ശ്രീ.കെ.എം.മാണി കോഴ വാങ്ങിയത് സംബന്ധിച്ച് ശ്രീ.ശിവൻകുട്ടി എം.എൽ.എ. യുടെ പക്കൽ നിന്നും വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിച്ച 19/01/2015 ലെ പരാതിയില ക്യൂ.വി.07/16/എസ്.ഐ.യു.2/ നിൻ ആയി ഒരു സത്വരാന്വേഷണം നടത്തി വരുന്നു. തോംസൺ ഗ്രൂപ്പിനെയും ശ്രീധരീയം ആയുർവേദിക് ലിമിറ്റഡിനെയും സഹായിച്ചു എന്ന് ശ്രീ അഡ്വക്കേറ്റ് നോബിൾ മാത്യൂ നൽകിയ പരാതിയിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ വി.സി.20/2016/സി.ആർ.ഇ/ഹിൻ നം വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു. ശ്രീ.കെ.എം. മാണിക്ക് എതിരെ ബാർ നിരോധനം പിൻവലിക്കാൻ കൈക്കൂലി വാങ്ങി എന്ന ഡോ. ബിജു രമേശിന്റെ പരാതിയിൽ വിജിലൻസ് ത്വരിതാന്വേഷണത്തെ തുടർന്ന് കേസ് രജിസ്റ്റർ ചെയ്തു. പെട്രോളിയം കമ്പനികളുടേതായി കേരളത്തിൽ പമ്പിനു അനുമതി നൽകാതിരിക്കാൻ നടപടി സ്വീകരിക്കുന്നതിനായി നിയമമന്ത്രി ശ്രീ.കെ.എം. മാണിക്ക് നിലവിലെ പെട്രോൾ പമ്പ് ഉടമകൾ മൂന്നു ലക്ഷം രൂപ കൈക്കൂലി ആയി അദ്ദേഹത്തിന്റെ ചേമ്പറിൽ വച്ച് കൈമാറിയെന്ന വൈക്കം വിശ്വന്റെ പരാതിയിൽ വിജിലൻസ് ഡയറക്ടർ ഉത്തരവിട്ട ത്വരിതാന്വേഷണം ക്യൂ.വി. 22/2014/എസ്.ഐ. യു II ആയി അന്വേഷണം നടന്നു വരുന്നു.

മുൻ റവന്യൂ വകുപ്പ് മന്ത്രി ശ്രീ അടൂർ പ്രകാശ്, മുൻ വ്യവസായ വകുപ്പ് മന്ത്രി ശ്രീ.പി. കെ.കുഞ്ഞാലികുട്ടി എന്നിവർക്കെതിരെ എറണാകുളം, തൃശൂർ ജില്ലകളിൽ ഹൈടെക്, ഐ.റ്റി. പാർക്ക് തുടങ്ങുന്നതിന് സ്ഥലം നൽകിയതിൽ ക്രമക്കേട് ഉണ്ടെന്ന് ആരോപിച്ചു ശ്രീ.ഗിരീഷ് ബാബു സി.എം.പി.102/2016 നമ്പറായി മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ ഫയൽ ചെയ്ത പരാതിയുടെ അടിസ്ഥാനത്തിൽ വി.സി. 05/16/എസ്.ഐ.യു നമ്പർ ആയി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടന്നു വരുന്നു. ശ്രീ.അടൂർ പ്രകാശിനെതിരായിട്ടുള്ള വിവിധ ആരോപണങ്ങൾ സംബന്ധിച്ച് ശ്രീ.സന്തോഷ് കുരുവിള സമർപ്പിച്ച പരാതിയിൽ ഒരു പ്രാഥമികാന്വേഷണത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

മുൻ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ആയിരുന്ന ശ്രീ.അനൂപ് ജേക്കബ് നടത്തിയ 36.5 കോടി രൂപയുടെ അഴിമതിയെക്കുറിച്ചുള്ള ശ്രീ വി. ശിവൻകുട്ടി എം ൽ എ യുടെ പരാതിയിന്മേൽ ഒരു ത്വരിതാന്വേഷണം (ക്യൂ.വി.07/16/സി.ആർ.ഇ) നടന്നു വരുന്നു കൂടാതെ ശ്രീ.കെ.കെ.സുദർശനന്റെ എ.ആർ.ഡി. ലൈസൻസ് പുനഃസ്ഥാപിച്ചു എന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ പരാതി ലഭിച്ചിട്ടുണ്ട്.

ശ്രീ.കെ.പി.മോഹനൻ, മുൻ കൃഷി വകുപ്പ് മന്ത്രിക്കെതിരെ വെയർ ഹൗസിങ് കോർപറേഷനിലെ നിയമനങ്ങളിൽ ക്രമക്കേട് ഉണ്ടെന്ന് ആരോപിച്ചു ശ്രീ.എൻ.വിശ്വംഭരൻ സി.എം.പി 1126/2013 നമ്പറായി ഫയൽ ചെയ്ത പരാതിയുടെ അടിസ്ഥാനത്തിൽ നടപടികൾ ഒന്നും ശുപാർശ ചെയ്യാതെ റിപ്പോർട്ട് ബഹു ലോകായുക്തക്ക് സമർപ്പിച്ചിട്ടുണ്ട്. പാനൂർ താലൂക് ആശുപത്രിക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ധനസമാഹരണം സംബന്ധിച്ചു മുൻ കൃഷി വകുപ്പ് മന്ത്രി ശ്രീ.കെ.പി.മോഹനന് എതിരെ ശ്രീ.മനീഷ് ബഹുമാനപ്പെട്ട തലശ്ശേരി എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് മുൻപാകെ സി.എം.പി.12 /2016 നമ്പറായി സമർപ്പിച്ച പരാതിയിന്മേൽ ഉത്തരവിട്ട ത്വരിതാന്വേഷണം (07/2016/കെ.എൻ.ആർ) നടന്നുവരുന്നു.

യു.ഡി.എഫ്. സർക്കാരിന്റെ ഭരണ കാലത്തു എക്സൈസ് വകുപ്പ് മന്ത്രി ആയിരുന്ന ശ്രീ.കെ.ബാബുവിനെതിരെ കേരള ബാർ ഹോട്ടൽ അസോസിയേഷനുമായി ചേർന്ന് പുതിയ ബിയർ, വൈൻ പാർലറുകൾ അനുവദിക്കുന്നതിനായി 100 കോടിയോളം രൂപ കൈക്കൂലി വാങ്ങിയെന്നുള്ള ആരോപണത്തിന്മേൽ ഒരു ത്വരിതാന്വേഷണം (ക്യൂ.വി.15/2016/സി.ആർ.ഇ) നടന്നുവരുന്നു. കൂടാതെ അനധികൃത സ്വത്ത് സമ്പാദനം

സംബന്ധിച്ച് ഒരു വിജിലൻസ് കേസ് വി.സി.17/2016/എസ്.സി.ഇ നടന്നു വരുന്നു. ശ്രീ.രമേശ് ചെന്നിത്തലക്ക് എതിരായി അഴിമതി ആരോപണം സംബന്ധിച്ചു ശ്രീ.പി.ഭാസ്കരന്റെ പക്കൽ നിന്നും വിജിലൻസ് ആൻഡ് ആന്റി കോർപ്പ്ഷൻ ബ്യൂറോയിൽ ലഭിച്ച പരാതി തുടർ നടപടികൾക്കായി ആലപ്പുഴ യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന് അയച്ചു കൊടുത്തിട്ടുണ്ട്.

മുൻ മുഖ്യമന്ത്രി ശ്രീ.ഉമ്മൻ ചാണ്ടിയും മറ്റു 19 മന്ത്രിമാരും ടെലിഫോൺ ദുരുപയോഗം ചെയ്തു എന്ന് ആരോപിച്ചു ശ്രീ.പായിച്ചിറ നവാസിൽ നിന്ന് 17/06/2016 നു വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ പരാതി ലഭിച്ചിരുന്നു. ശ്രീ.ഉമ്മൻ ചാണ്ടി, മുൻ മുഖ്യമന്ത്രി, ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് മുൻ വ്യവസായ വകുപ്പ് മന്ത്രി, ശ്രീ.രമേശ് ചെന്നിത്തല മുൻ കെ.പി.സി.സി പ്രസിഡന്റ് തുടങ്ങി മറ്റു പതിമൂന്നു പേർക്കെതിരെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിലെ അഴിമതി ആരോപിച്ചു ശ്രീ.പി.നാഗരാജ് സി.എം.പി 845/2006 ആയി ബഹു വിജിലൻസ് കോടതിയിൽ ഫയൽ ചെയ്ത പരാതിയിൽ വിജിലൻസ് കോടതി ഉത്തരവ് പ്രകാരം വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു. ശ്രീ.ഉമ്മൻ ചാണ്ടി, മുൻ മുഖ്യമന്ത്രി, ശ്രീ.കെ.ബാബു എക്സൈസ് വകുപ്പ് മന്ത്രി മറ്റു ഏഴുപേർക്കെതിരെ കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് സ്ഥലം ഏറ്റെടുത്തതിലെ ക്രമക്കേട് ആരോപിച്ചുകൊണ്ട് ശ്രീ.കെ.വി.ജെയിംസ് 17/05/16 നു സി.എം.പി.125/2016 ബഹു വിജിലൻസ് കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ശ്രീ.ഉമ്മൻ ചാണ്ടി, മുൻ മുഖ്യമന്ത്രി, ശ്രീ.ആര്യാടൻ മുഹമ്മദ്, മുൻ വൈദ്യുതി വകുപ്പ് മന്ത്രി എന്നിവർക്കെതിരെ സോളാർ തട്ടിപ്പുമായി ബന്ധപെട്ട് ശ്രീ.വി.കെ.സുനിൽകുമാർ, ശ്രീ.പായിച്ചിറ നവാസ്, ശ്രീ.പി.ഡി.ജോസഫ്, അഡ്വ.മുജീബ് റഹ്മാൻ, ശ്രീ.ഐസക് വർഗീസ്, ശ്രീ.പി.കെ. രാജു എന്നിവർ സമർപ്പിച്ച പരാതി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിച്ചിട്ടുണ്ട്. തൃശൂർ സെന്റ് തോമസ് കോളേജിന് വഴിവിട്ടു പട്ടയം അനുവദിച്ചതിൽ സർക്കാരിന് നഷ്ടം ഉണ്ടായി എന്ന ആരോപണത്തിന്മേൽ ശ്രീ.ഉമ്മൻ ചാണ്ടി, മുൻ മുഖ്യമന്ത്രിക്കും മറ്റ് 11 പേർക്കും എതിരായി തൃശൂർ വിജിലൻസ് കോടതിയുടെ 1416/2014 ലെ ഉത്തരവ് പ്രകാരം നടത്തിയ ത്വരിതാന്വേഷണം (ക്യൂ.വി. 81/14/തൃശൂർ) 18/10/2016 ൽ ബഹു.കോടതി അംഗീകരിച്ചിട്ടുണ്ട്. അഡ്ഹോക് ഓഗ്മെന്റേഷൻ പ്രോജെക്റ്റുമായി ബന്ധപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിനായി ഏറ്റെടുത്ത വസ്തു അനധികൃതമായി സ്വകാര്യ വ്യക്തികൾക്ക് നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു എന്ന ആരോപണത്തിന്മേൽ ശ്രീ.ഇബ്രാഹിം കുഞ്ഞ്, മുൻ മരാമത്ത് വകുപ്പ് മന്ത്രിക്കും മറ്റ് 11 പേർക്കും എതിരായ ആരോപണങ്ങളിൽ തൃശൂർ വിജിലൻസ് കോടതിയുടെ 1495/2014 ലെ ഉത്തരവ് പ്രകാരം ത്വരിതാന്വേഷണം നടത്തി റിപ്പോർട്ട് ബഹു.കോടതി മുൻപാകെ സമർപ്പിച്ചിരിക്കുകയാണ്.

ശ്രീ.പി.ജെ.ജോസഫിന് എതിരെ വി.സി.5/12/ഇ.ആർ.കെ, വി.സി.6/12/ഇ.ആർ.കെ എന്നീ അന്വേഷണങ്ങളും നിലവിൽ ഉണ്ട്. പൊതുമരാമത്തു വകുപ്പ് മന്ത്രിയായിരുന്ന ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്, ആരോഗ്യ മന്ത്രിയായിരുന്ന ശ്രീ.വി.എസ്.ശിവകുമാർ എന്നിവർക്കെതിരെ വയനാട് മെഡിക്കൽ കോളേജ് നിർമാണവുമായി ബന്ധപെട്ടു ശ്രീ.ഗിരീഷ് ബാബു ഉന്നയിച്ച ആരോപണങ്ങൾ വിജിലൻസ് വയനാട് യൂണിറ്റ് അന്വേഷണം നടത്തിവരുന്നു.

ശ്രീ.വി.എസ്.ശിവകുമാറിനെതിരായി അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് വി.ഇ. 9/16/എസ്.ഐ.യു-1 ആയി അന്വേഷണം നടന്നു വരുന്നു. കൂടാതെ ടിയാനെതിരായ വിവിധ ആരോപണങ്ങൾ സംബന്ധിച്ച് വി.ഇ.04/16/ടി.വിഎം ആയി അന്വേഷണവും നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ